അർബൻ 2020 പദ്ധതി

106 (3309) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം മുനിസിപ്പാലിറ്റികളിലാണ് അർബൻ 2020 പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ മുനിസിപ്പാലിറ്റിയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി ഏതൊക്കെയെന്നും അടങ്കൽ തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അർബൻ 2020 പദ്ധതിയിൻകീഴിൽ വിവിധ നഗരസഭകൾ സമർപ്പിച്ച 50 പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ ഇതിനകം അംഗീകരിച്ചുവെങ്കിലും അവയുടെ ഡി.പി.ആർ.-കൾ തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള ത്രികക്ഷി കരാറിൽ നിലവിൽ ഒപ്പുവച്ചിട്ടുള്ളത് ചിറ്റൂർ-തത്തമംഗലം, കൽപ്പറ്റ, പെരിന്തൽമണ്ണ, ചാലക്കുടി, ഷൊർണ്ണൂർ, ഇരിഞ്ഞാലക്കുട, അങ്കമാലി, തൃശ്ശൂർ, മരട്, ചേർത്തല, കൊല്ലം, മഞ്ചേരി, ചങ്ങനാശ്ശേരി, പാല, പൊന്നാനി, ചെങ്ങന്നൂർ, ഗുരുവായൂർ എന്നീ 17 നഗരസഭകളാണ്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) അർബൻ 2020 പദ്ധതിയിൻകീഴിൽ 48 നഗരസഭകൾ സമർപ്പിച്ച 128 പ്രോജക്ട് ആശയങ്ങൾക്ക് സംസ്ഥാനതല ഡി.പി.ആർ. കമ്മിറ്റി അംഗീകാരം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടൻസി ഏജൻസികൾ മുഖേന വിവിധ നഗരസഭകൾ തയ്യാറാക്കി സമർപ്പിച്ച 50 പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾക്ക് ബന്ധപ്പെട്ട ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികൾ അംഗീകാരം നൽകുകയുണ്ടായി. ഇതിൽ 17 നഗരസഭകളുമായി ബന്ധപ്പെട്ട 18 പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള കരാറിൽ ബന്ധപ്പെട്ട നഗരസഭകളും കൺസൾട്ടിംഗ് ഏജൻസികളും ഒപ്പുവച്ചിട്ടുണ്ട്. അതുപ്രകാരമുള്ള ഡി.പി.ആർ. തയ്യാറാക്കൽ പ്രവർത്തനങ്ങളും 32 പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട കരാറുകൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികളും 44 പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകളുടെ അംഗീകാരത്തിന് മുന്നോടിയായുള്ള പരിശോധനയും നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly